പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 8 — 02.03.2020 ൽ മറുപടിക്ക്

## സംസ്ഥാനത്തിന്റെ റയിൽവേ വികസനത്തിൽ കേന്ദ്ര അവഗണന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ആർ. രാമചന്ദ്രൻ<br>,, കെ. രാജൻ<br>,, മുഹമ്മദ് മുഹസിൻ പി. | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2020-ലെ ബജറ്റിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ റയിൽവേ വികസനത്തോട് നിഷേധാത്മക സമീപനമായിരുന്നോ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും, ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതു മൂലവും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ പാതകളുടെ നിർമ്മാണം, പാതയിരട്ടിപ്പിക്കൽ, ടെർമിനലുകളുടെ നിർമ്മാണം, സ്റ്റേഷൻ നവീകരണം, എന്നിവയ്ക്ക് ആവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഇതിനോട് തികച്ചും നിഷേധാത്മകമായ സമീപനമാണ് കേന്ദ്രം അനുവർത്തിച്ചിട്ടുള്ളത്.<br>സംസ്ഥാനത്തെ റെയിൽ പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ ഏകദേശം 164 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. എറണാകുളം - കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കലിന് 88.6 കോടി രൂപയും, അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കലിന് 13.95 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി, നേമം ടെർമിനൽ പദ്ധതിക്ക് 50 കോടി രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതിക്ക് ഏകദേശം 50 ലക്ഷം രൂപയും, ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി-ശബരി-ശബരി, അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, പാലക്കാട് കോച്ച് ഫാക്ടറി എന്നീ പദ്ധതികൾക്ക് 1000 രൂപ വീതവും മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. |
| (ബി) | അങ്കമാലി - എരുമേലി ശബരിപാത, ഗുരുവായൂർ - തിരുനാവായ പാത, അമ്പലപ്പുഴ - എറണാകുളം പാത ഇരട്ടിപ്പിക്കൽ എന്നിവയ്ക്ക് വെറും ആയിരം രൂപ മാത്രം വകയിരുത്തിയിരിക്കുന്നത് സംസ്ഥാനത്തോടുള്ള തികഞ്ഞ അവഹേളനമായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി രൂപ നീക്കിവച്ചെങ്കിലും അതിൽ അഞ്ച് കോടി രൂപ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാൻ കഴിയൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ പാത ഇരട്ടിപ്പിക്കലിന് നിലവിൽ ഭൂമി ഏറ്റെടുക്കുന്നതിന് തന്നെ ഇരുനൂറ് കോടിയിലധികം രൂപ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഈ തുക | | |

| | | | |
|---|---|---|---|
| | അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | | ഇതിൽ തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് വകയിരുത്തിയിട്ടുള്ള 133.5 കോടി രൂപയിൽ 128.5 കോടി രൂപ, (ഇ.ബി.ആർ ഐ.എഫ്) ഇനത്തിലും 5 കോടി രൂപ ക്യാപ്പിറ്റൽ ഇനത്തിലും ആണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ക്യാപ്പിറ്റൽ ഇനത്തിലെ 5 കോടി രൂപ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.<br>എറണാകുളം മാർഷലിംഗ് യാഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കും ഇടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ വികസനം തുടങ്ങിയവയ്ക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.<br>സംസ്ഥാനത്തെ റെയിൽവേ പദ്ധതികൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. കേന്ദ്രത്തിന്റെ സംസ്ഥാന വിരുദ്ധ നിലപാടിനെതിരെ സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം വിവിധ പദ്ധതികൾക്കായി സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന വിഹിതം അടിയന്തിരമായി അനുവദിക്കണമെന്നും ബഹു. മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) | നേമം, കൊച്ചുവേളി കോച്ച് ടെർമിനൽ, കൊല്ലം മെമുഷെഡ്ഡ്, എൽ. എച്ച്. ബി. കോച്ച്ഹാൻഡ്ലിങ് സംവിധാനം, എറണാകുളം മാർഷലിംഗ് യാർഡ് വികസനം, എറണാകുളം-ഷൊർണ്ണൂർ മൂന്നാംപാത തുടങ്ങി സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് അത്യന്താപേക്ഷിതമായ പദ്ധതികൾക്ക് പണം അനുവദിക്കാത്ത കേന്ദ്ര അവഗണന കേരള സർക്കാരിനോടുള്ള രാഷ്ട്രീയ പകപോക്കലാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ